പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം - ഐ.പി.പി.ഇ. പരിശീലനം - ബ്ലോക്കുകളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3318 　　　　12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം രാജ്യത്തെ 2500 തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക ബ്ലോക്കുകളിൽ കേന്ദ്രീകരിക്കുന്നതിനും അതിനായി ഇന്റൻസീവ് പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് എക്സർസൈസ് ഐ. പി.പി.ഇ. പരിശീലനം നടത്താനുള്ള കേന്ദ്രസർക്കാർ തീരുമാന പ്രകാരം സംസ്ഥാനത്ത് എത്ര ബ്ലോക്കുകളാണ് തെരഞ്ഞെടുക്കപ്പെട്ടത് എന്നും ഏത് മാനദണ്ഡമനുസരിച്ചാണ് തെരഞ്ഞെടുത്തതെന്നും വിശദമാക്കാമോ; | (എ) | 2011 ലെ സെൻസസ് ഡാറ്റായെ അവലംബിച്ച്, രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകളെ, സംസ്ഥാനത്തെ 22 ബ്ലോക്കുകൾ അടക്കം ഐ.പി.പി.ഇ. യിൽ ഉൾപ്പെടുത്താനാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീസാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങൾ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തെ 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നുണ്ട്. |
| (ബി) | ഐ.പി.പി.ഇ. പരിശീലനത്തിനായി തെരഞ്ഞെടുത്ത ബ്ലോക്കുകൾ ജില്ലാടിസ്ഥാനത്തിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഏത് മാനദണ്ഡമനുസരിച്ചാണ് ഐ.പി.പി.ഇ. പരിശീലനം നടത്താനുള്ള കേന്ദ്രസർക്കാർ | (സി) | 2011 ലെ സെൻസസ് ഡാറ്റായെ അവലംബിച്ച്, രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകളെ, സംസ്ഥാനത്തെ 22 ബ്ലോക്കുകൾ അടക്കം ഐ.പി.പി.ഇ യിൽ ഉൾപ്പെടുത്താനാണ് |

| | | | |
|---|---|---|---|
| | തീരുമാന പ്രകാരം സംസ്ഥാനത്ത് ബ്ലോക്കുകളെ തെരഞ്ഞെടുത്തതെന്ന് വിശദമാക്കാമോ? | | കേന്ദ്രസർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീസാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങൾ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തെ 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | ബ്ലോക്കുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | 3 |
| ഇടുക്കി | 7 |
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 13 |
| മലപ്പുറം | 6 |
| കോഴിക്കോട് | 2 |
| വയനാട് | 4 |
| കണ്ണൂർ | 5 |
| കാസറഗോഡ് | 4 |
| ആകെ | 50 |